ഉത്തരം

(എ) കേരളത്തിൽ 17 എയ്ഡഡ് ബി. എഡ്. കോളേജുകൾ നിലവിലുണ്ട്.

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) കേരളത്തിൽ കൂടുതൽ ബി. എഡ്. കോളേജുകൾ തുടങ്ങേണ്ടതുണ്ടോ എന്ന കാര്യത്തിൽ പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളു.

എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട്സ് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ലക്ചറർമാർ

97 [3080] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിൽ എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട്സ് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ലക്ചറർമാർക്ക് മതിയായ ആനുകൂല്യം നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ വീഴ്ചവരുത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു. ജി. സി.യുടെ നിബന്ധനകൾക്കനുസൃതമായി സേവനമനുഷ്ഠിക്കുന്ന ഇവരെ വെക്കേഷൻകാലത്ത് പിരിച്ചുവിടുന്നത് അവസാനിപ്പിക്കുവാനും ഇവർക്ക് കൃത്യമായി ശമ്പളം നൽകുവാനും അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വീഴ്ചവരുത്തുന്നില്ല. എന്നാൽ ചില സാങ്കേതിക കാരണങ്ങൾമൂലം കാലതാമസം ഉണ്ടാകാറുണ്ട്.

(ബി) എഫ്. ഐ. പി. സബ്സ്റ്റിറ്റ്യൂട്ട് ലക്ചറർ ആയി നിയമിക്കുന്നവർക്ക് വെക്കേഷൻ കാലഘട്ടത്തിൽ ജോലി ഇല്ലാത്തതിനാൽ നിലവിൽ ശമ്പളം നൽകുന്നില്ല. എന്നാൽ വെക്കേഷൻ കാലഘട്ടത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ശമ്പളം നൽകുന്നതു സംബന്ധിച്ച് യു.ജി.സി.യുമായി ആലോചിച്ചുവരുന്നു.

ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനം എന്ന പദവി

98 [3081] *ശ്രീ. എ. എ. അസീസ്:*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly